**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2475** **27-02-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഡെവലപ്പർമാർക്ക് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ നാളിതുവരെ എത്ര വ്യവസായ എസ്റ്റേറ്റുകളിൽ ഇത്തരത്തിലുള്ള ധനസഹായംനൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | (എ) & (ബി)<br><br>ഉണ്ട്.<br><br>സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്. ഡെവലപ്പർ പെർമിറ്റ് അനുവദിച്ച എസ്റ്റേറ്റുകളിൽ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കി വരുന്നു. ഇത് പൂർത്തീകരിച്ച് കഴിഞ്ഞാൽ ധനസഹായം അനുവദിച്ചു നൽകുന്നതായിരിക്കും. |
| (ബി) | എത്ര തുകയാണ് ധനസഹായമായി അനുവദിച്ചത്; ഓരോ എസ്റ്റേറ്റിലും ഇപ്രകാരം നടപ്പാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | (എ) & (ബി)<br><br>ഉണ്ട്.<br><br>സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്. ഡെവലപ്പർ പെർമിറ്റ് |

| | | | |
|---|---|---|---|
| | | | അനുവദിച്ച എസ്റ്റേറ്റുകളിൽ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കി വരുന്നു. ഇത് പൂർത്തീകരിച്ച് കഴിഞ്ഞാൽ ധനസഹായം അനുവദിച്ചു നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ